# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3261

19-06-2018 ൽ മറുപടിയ്ക്ക്

## കൊല്ലം തുറമുഖത്ത് നിന്നും യാത്രാകപ്പൽ സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.മുകേഷ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) കൊല്ലം തുറമുഖത്ത് നിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>(ബി) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേക്ക് യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനായി ധാരണാപത്രം ഒപ്പ് വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ; | (എ) യും (ബി) യും കൊല്ലം തുറമുഖത്ത് നിന്നും മിനിക്കോയിയിലേക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപിൽ ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് തുറമുഖ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച സാധ്യതാ പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടില്ല. |
| (സി) അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ ബങ്കറിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഫീസിബിലിറ്റി സ്റ്റഡി നടത്തിയിരുന്നു. അതനുസരിച്ച് തുറമുഖ വകുപ്പ് താല്പര്യപത്രം ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. ഈ പ്രൊജക്ട് വകുപ്പിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ